**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - കോട്ടയം നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി എൽ.എസ് ദീപയ്ക്കെതിരെ ' അച്ചടക്ക നടപടി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം. 1863/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 06/07/2018**

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25-09-2015 തീയതിയിലെ ഇ 5(എസ്.സി. 09/15/ഇആർകെ) 11304/2015 നമ്പർ കത്ത്.

2) സർക്കാരിന്റെ 01/02/2016 തീയതിയിലെ ഇയു1/399/12015 തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റപത്രത്തിന് ശ്രീമതി. എൽ.എസ് ദീപ സമർപ്പിച്ച 05/04/2016 തിയതിയിലെ പ്രതിവാദ പത്രിക

4) നഗരകാര്യ ഡയറക്ടറുടെ 05/08/2017 തീയതിയിലെ വി1-5140/16 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയിൽ നിന്നും ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ. വി.എ. അബ്രഹാം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുമ്പാകെ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭയിൽ 20.05.2015 ൽ വിജിലൻസ് മിന്നൽ പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ടിൽ ബഹു. തദ്ദേശ സ്വയംഭരണ ട്രൈബ്യൂണലിന്റെ സ്റ്റേ ഓർഡർ നിലനിൽക്കെ ഹെൽത്ത് വിഭാഗത്തിൽ നിന്നും ഹിൽസൺ ഹൈറ്റ്സ് എന്ന കെട്ടിടത്തിലെ ആല്പക്കാസ് ഫോട്ടോഷോപ്പ് എന്ന സ്ഥാപനത്തിന് 05.04.2014 മുതൽ 31.03.2015 വരെ ഉപാധികളില്ലാതെ ഡി & ഒ ലൈസൻസ് പുതുക്കി നൽകുന്നതിന് ഇടയാക്കിയത് കെട്ടിടത്തിന്റെ ഒക്കുപ്പൻസി റദ്ദാക്കിയത് സംബന്ധിച്ച് വിവരങ്ങൾ ഹെൽത്ത് വിഭാഗത്തിന് നൽകാതിരുന്നത് കാരണമാണെന്നും ബന്ധപ്പെട്ട രേഖകൾ ഹെൽത്ത് വിഭാഗത്തിന് നൽകാതിരുന്നത് നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീമതി. എൽ.എസ്. ദീപയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്നും പരാമർശിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി എൽ,എസ് .ദീപയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം ടിയാൾക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. എൽ.എസ്. ദീപ സമർപ്പിച്ച മറുപടിയിൽ ഹിൽസൺ ഹൈറ്റ്സ് എന്ന കെട്ടിടത്തിലെ XIII/155 എ മുതൽ എഫ് വരെ നമ്പരിലുള്ള മുറികൾക്ക് നൽകിയ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് സർക്കാർ നിർദ്ദേശത്തെ തുടർന്ന് 31/07/2013-ൽ റദ്ദ് ചെയ്യുകയും വിവരം യഥാസമയം മുനിസിപ്പൽ റവന്യൂ ഓഫീസറെ അറിയിച്ചിരുന്നുവെന്നും ഒരു വ്യക്തി ഡി & ഒ ലൈസൻസ് ലഭിക്കുന്നതിന് നഗരസഭയിൽ അപേക്ഷിച്ചാൽ പ്രസ്തുത വാർഡിന്റെ ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്പർവൈസർ ഡി & ഒ ലൈസൻസ് നൽകുന്ന കാര്യത്തിൽ തീർപ്പ് കൽപ്പിക്കുന്നു എന്നും സാധാരണഗതിയിൽ നഗരസഭാ സെക്രട്ടറിയ്ക്ക് ഡി & ഒ ലൈസൻസ് ഫയൽ അയയ്ക്കാറില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50(2) പ്രകാരം നഗരസഭാ സെക്രട്ടറിയ്ക്ക് തന്റെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകാവുന്നതും അപ്രകാരം ഡെലിഗേറ്റ് ചെയ്ത് ചുമതല ലഭിച്ച ഉദ്യോഗസ്ഥന് സെക്ഷൻ 50(3) പ്രകാരം ടി വിഷയത്തിൽ പൂർണ്ണ ഉത്തരവാദിത്വം

ഉണ്ടായിരിക്കുന്നതുമാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. എൽ. എസ്. ദീപ കോട്ടയം നഗരസഭയിൽ ഡി & ഒ ലൈസൻസ് നൽകുന്നതടക്കം ഹെൽത്ത് വിഭാഗത്തിലെ ചുമതലകൾ ഹെൽത്ത് സൂപ്പർവൈസറെ ഏൽപ്പിച്ചു നൽകിക്കൊണ്ട് 16.11.2013 ൽ എം.ഒ.ജി1-10423/13-ാം നമ്പരായി ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടെന്നും ആയതിനാൽ കോട്ടയം നഗരസഭയിൽ രേഖകൾ പരിശോധിച്ച് ലൈസൻസ് നൽകുകയും പുതുക്കി നൽകുകയും ചെയ്യേണ്ടത് ഹെൽത്ത് സൂപ്പർവൈസറുടെ ഉത്തരവാദിത്വമാണെന്നും ഈ സാഹചര്യത്തിൽ ആല്പക്കാസ് ഫോട്ടോഷോപ്പ് എന്ന സ്ഥാപനത്തിന് അനധികൃതമായി ഡി & ഒ ലൈസൻസ് നൽകി എന്നതിന് നഗരസഭാ അധികൃതർ ഉത്തരവാദികളാണ് എന്ന ചാർജ്ജ് മെമ്മോയിലെ ആരോപണം അന്ന് സെക്രട്ടറിയായിരുന്ന ശ്രീമതി. ദീപയുടെ മേൽ ചുമത്താൻ കഴിയുകയില്ലെങ്കിലും ശ്രീമതി. എൽ.എസ്. ദീപ, നഗരസഭാ സെക്രട്ടറിയുടെ ചുമതലകൾ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) (3) പ്രകാരം മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്തു നൽകിയിട്ടുണ്ടെങ്കിലും, നഗരസഭാ സെക്രട്ടറി എന്ന നിലയിൽ നഗരസഭയുടെ സുഗമവും പരാതിരഹിതവുമായ പ്രവർത്തനത്തിന് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമായിരുന്നു. ഇക്കാര്യത്തിൽ സെക്രട്ടറിയ്ക്ക് വീഴ്ച പറ്റിയിട്ടുണ്ടെന്ന് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട്, കുറ്റാരോപണ പത്രികയ്ക്ക് ആരോപണ വിധേയ നൽകിയ പ്രതിവാദപത്രിക, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി എൽ.എസ് ദീപ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) (3) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്തു നൽകിയിരുന്നാലും നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ ഡെലിഗേറ്റ് ചെയ്ത വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്. . ഇതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ ശ്രീമതി. എൽ.എസ്. ദീപയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി. KCS(CC& A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നഗരകാര്യ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി എൽ.എസ്.ദീപ , മുൻ സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി.
വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D1/163/2018-Vig. Dated 03/04/2018)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**